(ബി) ഇല്ലെങ്കിൽ ഉടനടി ആരംഭിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. എം. അബൂബക്കർ):

(എ) ഇല്ല.

(ബി) ആരംഭിക്കുവാനുള്ള പ്രാരംഭനടപടികൾ എടുത്തുവരുന്നു.

റിട്ടയർമെൻറിനുശേഷം പുനർ നിയമനം

*369 [471] ശ്രീ. എൻ. സൂപ്പി:
ശ്രീ. പി. എ. മുഹമ്മദ് കണ്ണ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റിട്ടയർമെൻറിനുശേഷം ഉദ്യോഗസ്ഥൻമാർക്ക് പുനർ നിയമനം നൽകുന്ന സമ്പ്രദായം അവസാനിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

ഇക്കാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ സ്പെഷ്യൽ റെപ്രസൻേററററീവ്

589 [1215] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കീഴിൽ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥനായ സ്പെഷ്യൽ റെപ്രസൻേററററീവിന് കേരളാ ഹൗസിലെ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ മേൽ എന്തു നിയന്ത്രണമാണുള്ളത്;

(ബി) ടൂറിസം വകുപ്പിൻെറ പ്രവർത്തനത്തിൽ സ്പെഷ്യൽ റെപ്രസൻേററററീവിന് വ്യക്തമായ എന്ത് അധികാരങ്ങളും ഉത്തരവാദിത്വങ്ങളുമാണുള്ളത്.

ഉത്തരം

(എ, ബി) ന്യൂഡൽഹിയിലുള്ള കേരളാ ഹൗസിലെ അഡ്മിനിസ്ട്രേററുടെ ആഫീസിനെ സംബന്ധിച്ചിടത്തോളം സ്പെഷ്യൽ റെപ്രസൻേററററീവിന് ഒരു വകുപ്പദ്ധ്യക്ഷൻെറ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൻെറ മററ് പ്രവർത്തനങ്ങളിൽ സ്പെഷ്യൽ റെപ്രസൻേററററീവിന് യാതൊരധികാരവും നൽകിയിട്ടില്ല.

കേരളാ പ്രൊഹിബിഷൻ ആക്ഷൻ കൗൺസിൽ

590 [1216] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പ്രൊഹിബിഷൻ കൗൺസിൽ പ്രതിനിധികൾ കേരളാ ഗവൺമെൻറിന് നിവേദനം നൽകിയിരുന്നോ;

(ബി) നിവേദനത്തിൽ എന്തെല്ലാം ആവശ്യപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly